# അച്ഛാ ദിൻ നഹി ആയെഗാ!

## ചാരും മൂട് ജോസ്

മേരേ പ്യാരേ ദേശ് വാസിയോം, ഹമാരാ ദേശ് അച്ഛാ ദിൻ സേ ആഗേ ബഢേഗാ. പൂരേ ഹിന്ദുസ്ഥാനീ കോ പന്ത്രഹ് ലാക്ക് മിലേഗാ. സാരാ കാലാ കറൻസി ബാഹർ സേ അന്ദർ ആയേഗാ. മേം ലാവൂംഗാ. മേരേ കോ പ്രധാൻ മന്ത്രി, നഹി, പ്രധാൻ സേവക് ബനാവോ. മേരേ കോ വോട്ട് ദേദോ.

പ്യാരേ പ്രധാനമന്ത്രീജീ, ഹം ലോഗോം നേ ആപ്കാ മാനിഫെസ്റ്റോ സുൻകർ ആപ്കോ വോട്ട് ദിയാ. അഭീ തക് കുഛ് നഹീ ഹുവാ... ഭാരത് വാസീ ദരിദ്രവാസീ ഹോ ഗയാ! മോദീജീ, ആപ് നേ ഡീമോണറ്റൈസേഷൻ കിയാ, വാദാ കിയാ, മേരേകോ പച്ചാസ് ദിൻ ദേദോ... ഹം സബ് ഠീക്ക് ബനായേംഗേ; ജോർ സേ കരേംഗേ. നഹിം തോ മേരേകോ ആഗ് ലഗാദോ. തീ കത്തിക്കൂ, എന്നെ തീ കത്തിക്കൂ. നിങ്ങളെന്നെ അമ്പതു ദിവസം കഴിഞ്ഞു ചുട്ടു കരിച്ചോളൂ...

കഴുത കരയുമ്പോലെ കരഞ്ഞു പറഞ്ഞ് ഭാരതവാസികളെ കുത്തുപാളയെടുപ്പിച്ചില്ലേ! ഇന്ത്യയെ ഇരുപതു വർഷം പിന്നോട്ടു തള്ളിയിട്ടത് ഈ ലോകത്തോടുള്ള വെല്ലുവിളിയാണ്.

ഭാരതം കണ്ടതിൽ വച്ചേറ്റവും ഏകാധിപത്യഭരണം, ഹിറ്റ്ലറേക്കാൾ ക്രൂരമായ നടപടികൾ, സ്വന്തം ചാർച്ചക്കാർക്കും വമ്പൻ മുതലാളിമാർക്കും കുറെ കള്ളസ്വാമിമാർക്കും മുൻകൂട്ടി അറിവു കൊടുത്ത്, മുഴുവൻ പണവും വെളുപ്പിച്ച ശേഷം നോട്ടുനിരോധനം 2016 നവംബർ എട്ട് അർദ്ധരാത്രി ഏർപ്പെടുത്തി മുഴുവൻ ജനതയേയും വഞ്ചിച്ചു.

അംബാനിമാരെ പരിപോഷിപ്പിക്കാൻ രാജ്യത്തെ 20% വരുന്ന ജനങ്ങളുടെ ഡേറ്റാബാങ്ക്, ആധാർ കാർഡുൾപ്പെടെയുള്ള വിവരങ്ങൾ നാടകീയമായി പകർത്തി പ്രധാനമന്ത്രിയുടെ ഫോട്ടോ വച്ച പരസ്യത്തിലൂടെ ജനങ്ങളെ വഞ്ചിച്ചത് ചരിത്രസത്യമായി നിൽക്കും.

തങ്ങൾ കഷ്ടപ്പെട്ടു വിയർത്തു സമ്പാദിച്ചു ബാങ്കുകളിൽ നിക്ഷേപിച്ച പണത്തിനു വേണ്ടി ഭാരതീയരെ ഭിക്ഷക്കാരെപ്പോലെ ബാങ്കുകളുടേയും ഏറ്റിഎമ്മുകളുടെ മുമ്പിൽ വൃഥാ ക്യൂ നിർത്തിയതു ജനം മറക്കില്ല.

രാജ്യത്ത് അരക്ഷിതാവസ്ഥ സൃഷ്ടിക്കാതിരിക്കാൻ പതിനായിരക്കണക്കിനു കമ്പ്യൂട്ടർ ജീവനക്കാരെ വച്ചു മോദി സ്തുതി പാടിച്ചതും, മാദ്ധ്യമങ്ങളിലൂടെ ജനങ്ങളെ പരിഭ്രാന്തരാക്കാതിരിക്കാൻ ലക്ഷക്കണക്കിനു ജനങ്ങളും വൊളണ്ടിയർമാരും കോടാനുകോടി രൂപ മുടക്കിയതും ജനം പതുക്കെ തിരിച്ചറിയാൻ തുടങ്ങി.

അച്ചടിച്ചതിനേക്കാൾ പണം റിസർവ് ബാങ്കിൽ എത്തിക്കാൻ ബാങ്ക്മാനേജർമാരുടെ ഒത്താശയോടെ നടന്ന വമ്പിച്ച കൊള്ള ജനം തിരിച്ചറിഞ്ഞു.

ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ആരോടും മിണ്ടാതെ, മൗനമായി, ഏകാധിപതിയായി ഇന്ത്യാമഹാരാജ്യത്തെ ഹൈജാക്ക് ചെയ്തതു ജനം മറക്കില്ല.

ജനപ്രതിനിധികൾക്കോ സംസ്ഥാനമുഖ്യമന്ത്രിമാർക്കോ കേന്ദ്രമന്ത്രിമാർക്കോ രാഷ്ട്രത്തലവനോ ഗവണ്മെന്റ് സംവിധാനങ്ങൾക്കോ പുല്ലുവില കല്പിക്കാതെ, പ്രൊട്ടോക്കോൾ ലംഘിച്ച്, രാജ്യത്തിന്റെ മതേതരത്വത്തിനു കളങ്കമേല്പിച്ച്, കപടരാജ്യസ്നേഹത്തിന്റെ വിഷമുള്ളുകൾ ദേശമാകെ വിതറി ജനങ്ങളെ വിഭ്രാന്തരാക്കുന്ന കാടത്തം ജനം ഒരിക്കലും മറക്കില്ല.

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ തേജോവധം ചെയ്ത് ഇന്ത്യാമഹാരാജ്യത്തെ അപമാനിക്കുന്നതു ജനം പൊറുക്കില്ല. ലോകം ആദരിക്കുന്ന ഗാന്ധിജിയെ മൂടുപടമിട്ടു മറച്ച് സ്വന്തം ചിത്രം പ്രതിഷ്ഠിക്കുന്ന മോദിജീ, ഇതു ലോകമനസ്സാക്ഷിക്കു നേരേ കൊഞ്ഞനം കുത്തുന്ന പോലെയാണ്.

മുൻ രാഷ്ട്രപതി ഡോ. അബ്ദുൽ കലാം പറഞ്ഞിരുന്നു: വ്യക്തി സ്വയം നന്നായാൽ കുടുംബം നന്നാകും, കുടുംബം നന്നായാൽ ഗ്രാമം, സംസ്ഥാനം, രാജ്യം, ലോകം, എല്ലാം നന്നാകും. ശ്രീമാൻ മോദിയുടെ കാര്യത്തിൽ തുടക്കത്തിലേ പരാജയം: കുടുംബമില്ല. ആരേയും ബഹുമാനമില്ല. ജനപ്രതിനിധികളെ ബഹുമാനമില്ല. ലോകത്തെ വികൃതമായി നയിക്കാമെന്ന വെറും വ്യാമോഹം മാത്രം.

ഇന്ത്യയുടെ ജനസംഖ്യയുടെ പകുതിയിലേറെ, ഏകദേശം 56.5 കോടി ജനങ്ങൾ എഴുത്തും വായനയും അറിയാത്തവരാണ്. ആ പാവങ്ങളെക്കൊണ്ടു പേട്ടീയെം, ഈകാർഡ്, ഈബാങ്കിംഗ് എന്നിവ ചെയ്യിച്ചു പരീക്ഷിക്കാൻ ലോകത്തിലാർക്കെങ്കിലും ധൈര്യം വരുമോ! പരീക്ഷണവസ്തുവാക്കി ഗ്രാമങ്ങളോടൊപ്പം ക്യൂ നിന്ന ജനങ്ങൾ മോദിജീക്കും മേലേ ചിന്തിക്കാൻ തുടങ്ങി.

ഇനിയും വരുന്ന അവസരങ്ങളിൽ ഗ്രാമം ഗ്രാമമായി ക്യൂനിൽക്കും, വോട്ടു ചെയ്യും, അന്ന് ആയിരം നുണകൾ പൊളിഞ്ഞു വീഴും. ജനാധിപത്യം വിജയിക്കും, മതേതരത്വം നിലനിൽക്കും, ഭാരത് മാതാ കീ ജയ് എന്നു ജനം ആർക്കും.

സമസ്തഭാരതീയരോടും ജയ് ഹിന്ദ്. “Happy Republic Day"

---